**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3482** | | | **20/06/2018 ൽ മറുപടിക്ക്** |
|---|---|---|---|
| **വയനാട് ജില്ലയിലെ പി. എസ്. സി. നിയമനത്തട്ടിപ്പ്** | | | |
| **ചോദ്യം** | | | **മറുപടി** |
| **ശ്രീ.ടി. വി. ഇബ്രാഹിം** | | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | മുൻ എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിൽ നടന്ന പി. എസ്. സി. നിയമനത്തട്ടിപ്പ് സംബന്ധിച്ച് കേസ്സ് എടുത്തിരുന്നോ; എങ്കിൽ പ്രസ്തുത കേസ്സിൽ കുറ്റപത്രം സമർപ്പിച്ചിരുന്നോ എന്നറിയിക്കാമോ; | (എ) | വയനാട് ജില്ലയിൽ നടന്ന പി.എസ്.സി. നിയമന തട്ടിപ്പ് സംബന്ധിച്ച് ക്രൈം നമ്പർ 792/2010 ആയി കൽപ്പറ്റ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ് പിന്നീട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് -2 -ലെ വി.സി. 03/12/എസ്.ഐ.യു.-2 നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയായിട്ടുണ്ട്. കുറ്റപത്രം സമർപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത കേസ്സിലെ പ്രതികളെ അറസ്റ്റ് ചെയ്തിരുന്നോ; എത്ര പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ടി കേസിലെ 22 പ്രതികളിൽ പതിനെട്ടാം പ്രതി ഒഴികെയുള്ള 21 പ്രതികളേയും അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത കേസ്സിൽ അന്വേഷണം പൂർത്തിയാക്കിയിരുന്നോ; ഇല്ലെങ്കിൽ നാളിതുവരെ പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | കേസ് അന്വേഷണം പൂർത്തിയായിട്ടുണ്ട്. |
| (ഡി) | അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ കുറ്റപത്രം സമർപ്പിക്കാതെ നീട്ടിക്കൊണ്ടു പോകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; | (ഡി) | ഫോറൻസിക് ലാബ് റിപ്പോർട്ട്, പ്രോസിക്യൂഷൻ അനുമതി എന്നിവ ലഭിക്കുന്ന മുറക്ക് കുറ്റപത്രം സമർപ്പിക്കുന്നതാണ്. |
| (ഇ) | ഈ തട്ടിപ്പ് കേസ്സുമായി ബന്ധപ്പെട്ട റവന്യൂ വകുപ്പ് ജീവനക്കാരുടെ എണ്ണം വ്യക്തമാക്കുമോ; അവർക്കെതിരെ എന്തെല്ലാം രീതിയിലുള്ള നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അവർക്കെതിരെ എന്തെല്ലാം വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഇ) | ഈ തട്ടിപ്പ് കേസ്സുമായി ബന്ധപ്പെട്ട റവന്യൂ വകുപ്പ് ജീവനക്കാരുടെ എണ്ണം മൂന്ന് ആണ്. ഈ കേസിലെ ഒന്നാം പ്രതിയായ A1 അഭിലാഷ്. എസ്. പിള്ളയെ 03..03..2010-ൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. A-22 ശ്രീ. കെ. വിജയൻ സസ്പെൻഷനിലായിരിക്കെ സർവ്വീസിൽ നിന്നും 31..03..2011-ൽ വിരമിച്ചു. ഈ കേസിലെ മറ്റു പ്രതികൾ (A-2 മുതൽ A-21 വരെയുള്ളവർ) ഇപ്പോൾ സർക്കാർ ഉദ്യോഗസ്ഥരല്ല. ശ്രീ. കെ. വിജയൻ. മുൻ എ. ഡി. എം, ശ്രീമതി. പ്രഭാവതി, മുൻ ഹുസൂർ ശിരസ്തദാർ, എന്നിവർ സേവനത്തിൽ നിന്നും വിരമിച്ചിരുന്നതിനാൽ അവർക്കെതിരെ കെ. എസ്. ആർ ഭാഗം 3 ചട്ടം 59 (ബി) പ്രകാരം നടപടി ആരംഭിക്കുകയുണ്ടായി. മൂന്നാമത്തെയാളായ ശ്രീ. അഭിലാഷ്. എസ്. പിള്ള, മുൻ A1 സെക്ഷൻ ക്ലാർക്കിനെതിരെ കെ. സി. എസ് (സിസി & എ) ചട്ടങ്ങൾ |

| | | | |
|---|---|---|---|
| | | | 1960 ലെ ചട്ടം 15 പ്രകാരം നടപടി സ്വീകരിച്ചു. തുടർന്ന് നടത്തിയ വകുപ്പുതല അന്വേഷണത്തിൽ ശ്രീമതി. പ്രഭാവതി, മുൻ ഹുസൂർ ശിരസ്തദാരുടെ ഭാഗത്ത് വീഴ്ചകൾ സംഭവിച്ചിട്ടില്ലായെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലും വിജിലൻസ് കേസിന്റെ പ്രതിപട്ടികയിൽ പേര് ചേർത്തിട്ടില്ലായെന്നതിന്റെ അടിസ്ഥാനത്തിൽ നടപടി ഉപേക്ഷിച്ചും, ശ്രീ. കെ. വിജയൻ. മുൻ എ. ഡി. എം, നേരിട്ട് നിയമനത്തട്ടിപ്പുമായി ബന്ധപ്പെട്ടിട്ടില്ലായെങ്കിലും ടിയാളുടെ പ്രവൃത്തികൾ നിയമനത്തട്ടിപ്പിന് സഹായകമായി എന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 50% തുക സ്ഥിരമായി കുറവ് ചെയ്തും ടിയാളുകൾക്കെതിരെ കെ. എസ്. ആർ ഭാഗം 3 ചട്ടം 59 (ബി) പ്രകാരം സ്വീകരിച്ച നടപടി തീർപ്പാക്കി സ.ഉ(സാധാ) നം. 1750/2018/റവ തീയതി 21.05.2018 പ്രകാരം ഉത്തരവായിട്ടുണ്ട്. മേൽ അന്വേഷണത്തിൽ കുറ്റക്കാരനെന്ന് കണ്ടെത്തിയ ശ്രീ. അഭിലാഷ്. എസ്. പിള്ളയെ സേവനത്തിൽ നിന്നും പിരിച്ചു വിടുന്നതിന് താൽക്കാലികമായി തീരുമാനിച്ചിട്ടുള്ളതും അപ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ